**A**

വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ

**7001**

# പാദവാർഷിക മൂല്യനിർണയം 2017–18

## കല, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

**സ്റ്റാൻഡേർഡ് : 7** **സമയം: 2 മണിക്കൂർ**

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. കലാപഠനം, പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
3. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
4. മൂന്ന് വിഭാഗങ്ങൾക്കായി ആകെ രണ്ടു മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും നാൽപത് മിനുട്ട് സമയമാണ് ലഭിക്കുന്നത്.

## വിഭാഗം 1 – കലാപഠനം

### മേഖല – ചിത്രകല

1. സ്കൂളിൽ നിന്നു കിട്ടിയ മരത്തിന്റെ ഒന്നാം പിറന്നാളാഘോഷിക്കുകയായിരുന്നു ലയയും ലിച്ചിയും. മരം അവരുടെ തലയ്ക്കുമീതെ വളർന്നിരിക്കുന്നു. കുഞ്ഞിലകൾ കവിളിൽ തൊടുമ്പോൾ എന്തൊരു സുഖമാണ്. ലിച്ചിയാണ് പറഞ്ഞത് – ചേച്ചീ നമ്മൾ സ്കൂളിൽ പോയാൽ ഇവൾ ഒറ്റയ്ക്കാവില്ലേ? ഇവൾക്കൊരു കൂട്ടുകാരിയെക്കൂടി കൊടുത്താലോ. രണ്ടു പേരും അതിനുള്ള ശ്രമങ്ങളാരംഭിച്ചു. നിങ്ങളും ഇത്തരം ചെടികൾ നട്ടിരിക്കുമല്ലോ. രണ്ടു കുട്ടികൾ ചേർന്ന് ഒരു മരത്തൈ നടുന്നത് വരയ്ക്കൂ. കുഴി കുഴിക്കാനും നനയ്ക്കാനുമുള്ള സാധനസാമഗ്രികൾ കൂടെ വരയ്ക്കണേ. പേനകൊണ്ടും വരയ്ക്കാം.

2. സ്കൂൾ അടച്ചതിന്റെ പിറ്റേന്നു തന്നെ സമീരന്റെ വീട്ടിൽ എല്ലാവരും ഒത്തുകൂടി. പഴുക്കാൻ തുടങ്ങിയ പേരക്കകളായിരുന്നു അവരുടെ ലക്ഷ്യം. പേരയുടെ തൊട്ടടുത്തുള്ള മാവിൽ നിറയെ മാങ്ങയുമുണ്ട്. സീതയും സോനയും കല്ലെടുത്ത് ഒറ്റയേറ്! ചറപറ പേരക്കയും മാങ്ങയും നിലത്തുവീണു.

   പുളിയും മധുരവും...

   എന്തു രസം.

   താഴെ വീണവ പെറുക്കി തണലിലിരുന്ന് അവർ തീറ്റ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അമ്മിണിയാണ് പറഞ്ഞത്, നോക്കൂ ഈ പേരക്കയും മാങ്ങയും പച്ചനിറം പക്ഷേ ആകൃതിയിൽ എന്തു മാറ്റം.

   നിങ്ങൾ മാങ്ങയും പേരക്കയും കാണുകയും തിന്നുകയും ചെയ്തിട്ടുണ്ടല്ലോ.

   അങ്ങനെയെങ്കിൽ ഒറ്റ നോട്ടത്തിൽ മനസ്സിലാവുന്ന തരത്തിൽ ഒരു മാങ്ങയും പേരക്കയും വരയ്ക്കൂ. രണ്ടിന്റെയും വലുപ്പവും ആകൃതിയും ശ്രദ്ധിക്കണം.

3. ക്ലാസിൽ ടീച്ചർ നിഴലിനേയും വെളിച്ചത്തേയും കുറിച്ച് പറഞ്ഞ അന്നാണ് നീന തന്റെ നിഴലിനെ ശ്രദ്ധിക്കാൻ തുടങ്ങിയത്. നട്ടുച്ചയ്ക്ക് നടക്കുമ്പോൾ നിഴലിന് തന്നേക്കാൾ നീളം കുറവാണ്. വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലേക്ക് പോവുമ്പോൾ തന്നേക്കാൾ വലുതായിട്ടുമുണ്ടാവും.

എ) എന്താണ് ഇതിന് കാരണം?

ബി) നീന ഉച്ചയ്ക്കും വൈകുന്നേരവും പോകുമ്പോഴുള്ള നിഴലിന്റേയും നീനയുടേയും ചിത്രം വരയ്ക്കു.

## മേഖല – സംഗീതം

1.

എ) എല്ലാ പാട്ടുകൾക്കും താളമുണ്ട്. നാമെല്ലാവരും ധാരാളം പാട്ടുകൾകേൾക്കാറുണ്ട്. നിങ്ങൾക്ക് പരിചിതമായ സിനിമാഗാനങ്ങളിലൊ, ദേശഭക്തി ഗാനങ്ങളിലൊ, പദ്യങ്ങളിലൊ ഒരേ താളത്തിൽ വരുന്ന മൂന്ന് ഗാനങ്ങൾ വീതം എഴുതാമോ?

ബി) സപ്ത വർണ്ണങ്ങളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ? സംഗീതത്തിന് അടിസ്ഥാനമായി സപ്തസ്വരങ്ങളുമുണ്ട്. അവ എഴുതുക.

2. താളങ്ങൾ വിവിധ തരത്തിലുണ്ടെന്ന് നമുക്കറിയാം..... ചില താളങ്ങൾ എണ്ണുമ്പോൾ 1, 2, 3, 4 എന്നും ചിലത് 1, 2, 3 എന്നും 123, 1234 എന്നും വരുന്ന താളങ്ങളുണ്ട്.

ഉദാ: (എ) ആലുവാപുഴയുടെ തീരത്ത് (1, 2, 3, 4/1, 2, 3, 4/1, 2,3, 4)

(ബി) മിനുങ്ങും മിന്നാ മിനുങ്ങേ (1, 2, 3/1, 2, 3/1, 2, 3......)

(സി) ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ?
(1, 2, 3/1, 2, 3, 4/1, 2, 3/1, 2, 3, 4......)

**ഇതുപോലെ മൂന്നുതരം താളങ്ങളിലും വരുന്ന ഓരോ ഗാനങ്ങൾ കൂടി എഴുതാമോ?**

3. ലളിത സംഗീതമേഖലയിൽ പ്രശസ്തരായവരേയും ശാസ്ത്രീയ സംഗീതമേഖലയിൽ പ്രശസ്തരായവരേയും കണ്ടെത്തു വേർതിരിച്ചെഴുതു.



ബാലമുരളീകൃഷ്ണ



കെ.എസ്.ചിത്ര




എം.എസ്.സുബ്ബലക്ഷ്മി



നെയ്യാറ്റിൻകര വാസുദേവൻ



വിനീത് ശ്രീനിവാസൻ



പി. ജയചന്ദ്രൻ



ചെമ്പൈവൈദ്യനാഥ ഭാഗവതർ



സുജാത മോഹൻ



ശ്രേയാഘോഷാൽ



ഉണ്ണിമേനോൻ

## മേഖല -നൃത്തം

**പ്രവർത്തനം 1**

താഴെക്കൊടുത്തിരിക്കുന്ന നൃത്തരൂപങ്ങളെ നാടൻനൃത്തരൂപം, ശാസ്ത്രീയ നൃത്ത രൂപം എന്നിങ്ങനെ പട്ടികപ്പെടുത്താൻ അപ്പുവിനെ സഹായിക്കാമോ ?

**(മാർഗ്ഗംകളി, കുച്ചിപ്പുഡി, പൂരക്കളി, ഭരതനാട്യം, കഥക്, പരിചമുട്ടുകളി, മോഹിനിയാട്ടം, ദഫ്മുട്ട്, കഥകളി, കോൽകളി)**

**പ്രവർത്തനം 2**

**അനുയോജ്യമായവ ചേർത്തെഴുതുക**

| | | |
|---|---|---|
| എ. | കലാമണ്ഡലം കല്ല്യാണിക്കുട്ടിയമ്മ | - മാപ്പിളകല |
| ബി. | നാട്യശാസ്ത്രം | - കൈകൊട്ടികളി |
| സി. | കുമ്മി | - തുള്ളൽ |
| ഡി. | വട്ടപ്പാട്ട് | - ഭരതമുനി |
| ഇ. | ശീതങ്കൻ | - മോഹിനിയാട്ടം |

**പ്രവർത്തനം 3**

**കവിതയെ നൃത്താവിഷ്ക്കാരം നടത്തുമ്പോൾ നിങ്ങൾ എന്തൊക്കെയാണ് പരിഗണിക്കുന്നത്**

## മേഖല -നാടകം

1. താഴെ കൊടുത്തിട്ടുള്ള ചതുരങ്ങളിൽ കഥാപാത്രങ്ങൾ, കഥാ സന്ദർഭം, കഥ നടക്കുന്ന സ്ഥലം എന്നിവ നൽകിയിരിക്കുന്നു. ഇതിൽ നിന്നും നിങ്ങൾക്കിഷ്ടമുള്ള കഥാപാത്രങ്ങൾ, കഥാ സന്ദർഭങ്ങൾ, സ്ഥലങ്ങൾ ഇവ തെരഞ്ഞെടുത്ത്, നാടകാവതരണത്തിനുള്ള രംഗപാഠം. (രംഗാവതരണത്തിനുള്ള രംഗങ്ങൾ, കഥാപാത്രങ്ങളുടെ സംഭാഷണം, ചലനം തുടങ്ങിയവ) തയ്യാറാക്കൂ.)

| കഥാപാത്രങ്ങൾ | സ്ഥലം | സന്ദർഭങ്ങൾ |
|---|---|---|
| യാചകൻ | ചന്ത | മോഷണം |
| കുട്ടി | സ്കൂൾ | കല്ല്യാണം |
| ഡോക്ടർ | ഹോസ്പിറ്റൽ | അപകടം |
| പോലീസ് | റെയിൽവേസ്റ്റേഷൻ | ഉത്സവം |
| ടീച്ചർ | ബീച്ച് | പിറന്നാൾ |
| കച്ചവടക്കാരൻ | കളിസ്ഥലം | മത്സരം |

2) ഉദയപുരത്തെ രാജാവാണ് സൂര്യസേനൻ. ഇദ്ദേഹത്തിന്റെ മകൾ സൂര്യകുമാരിയുടെ പത്താം പിറന്നാളാഘോഷം നടക്കുകയാണ്. ആഘോഷത്തിനിടെ രാജകുമാരിയുടെ രത്നമാല മോഷണം പോയി.

**ഈ രംഗം വേദിയിൽ അവതരിപ്പിക്കുമ്പോൾ എന്തൊക്കെ രംഗ സജ്ജീകരണങ്ങളാണ് വേദിയിൽ ഒരുക്കേണ്ടത്.?** എഴുതിനോക്കൂ.

3. മുത്തശ്ശി : എന്തൊരു ചൂടാ.... ഒരു കാക്കക്കാലിന്റെ തണലുപോലുമില്ലല്ലോ ഇവിടെയെങ്ങും.
കുട്ടി : മുത്തശ്ശീ ആ ഭാണ്ഡക്കെട്ട് ഞാൻ പിടിക്കാം... ഇതാ, ഇത്തിരി വെള്ളം കുടിച്ചോളൂ...
(കുട്ടി തന്റെ സഞ്ചിയിൽ നിന്നും മുത്തശ്ശിക്ക് വെള്ളം കൊടുക്കുന്നു)
മുത്തശ്ശി : ഹാവൂ! അൽപം ആശ്വാസായി. ബസ് സ്റ്റോപ് എത്താറായോ?
കുട്ടി : ഇതാ എത്തി മുത്തശ്ശി. ആ ബോർഡ് കണ്ടില്ലേ.
ഈ സംഭാഷണം വായിച്ചല്ലോ. ഇത് നാടകമായി അവതരിപ്പിക്കുമ്പോൾ

എ. കഥാപാത്രങ്ങളുടെ വേഷം എന്തായിരിക്കും?
ബി. കഥാപാത്രങ്ങൾ ഉപയോഗിക്കുന്ന സാമഗ്രികൾ എന്തൊക്കെയായിരിക്കും?

## വിഭാഗം 2 – പ്രവൃത്തിപഠനം

1. ഏഴാം ക്ലാസ്സിൽ പഠിക്കുന്ന രജീഷ് താൻ നടന്നു നീങ്ങുന്ന വഴികളിലെ ചെടികളും മരങ്ങളും നിരീക്ഷിക്കുമായിരുന്നു. സ്കൂളിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ ഒരു കൊച്ചു മാവ് നിറയെ മാങ്ങകളുമായി നിൽക്കുന്ന കാഴ്ച കണ്ടു .തന്റെ വീട്ടിലെ മാവ് വളരെ വലുതാണെങ്കിലും അതിലെ മാങ്ങകൾ വളരെ ചെറുതാണ്. ഇതിന്റെ കാരണം തേടി ടീച്ചറെ സമീപിച്ചു. ആധുനിക കൃഷി രീതികളായ, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് ഇവയെ കുറിച്ച് വിവരിച്ചു കൊടുത്തുകൊണ്ട് ടീച്ചർ അവ ചെയ്ത് കാണിച്ചു പഠിപ്പിച്ചു. **ടീച്ചർ പഠിപ്പിച്ച ബഡ്ഡിംഗ് ചെയ്യുന്ന രീതി വിവരിക്കുക.**

2. ശ്രേയ തന്റെ അമ്മ അംഗമായിരിക്കുന്ന കുടുംബശ്രീ യൂണിറ്റിൽ നിർമ്മിച്ച സോപ്പുമായി ക്ലാസ്സിൽ എത്തി. അവൾ തന്റെ അമ്മയിൽനിന്നും സോപ്പുനിർമാണത്തെക്കുറിച്ച് പഠിച്ച കാര്യങ്ങൾ കൂട്ടുകാരുമായി പങ്കുവച്ചു. സോപ്പ് കടകളിൽനിന്നും മാത്രം വാങ്ങിയിരുന്ന സഹപാഠികൾക്ക് ഇത് അത്ഭുതമായി. പ്രവൃത്തിപഠന ക്ലാസിൽ ശ്രേയ താൻ കൊണ്ടുവന്ന സോപ്പ് ടീച്ചറെ കാണിച്ചു. നിങ്ങൾക്കും ഇതുപോലെ സോപ്പ് നിർമിക്കാൻ താൽപര്യമാണോ എന്ന് അദ്ധ്യാപിക കുട്ടികളോട് ചോദിച്ചു. കുട്ടികൾ ഒരേ സ്വരത്തിൽ ആഗ്രഹം പ്രകടിപ്പിച്ചു. അലക്കുസോപ്പ് നിർമാണത്തിനാവശ്യമായ സാധന സാമഗ്രികളും നിർമാണ രീതിയും ടീച്ചർ വിവരിച്ചു കൊടുത്തു. **ടീച്ചർ പറഞ്ഞുകൊടുത്ത സോപ്പ് നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ പട്ടികപ്പെടുത്തുക.**

3. മിന്നുമോൾക്ക് അമ്മ പിറന്നാൾ സമ്മാനമായി തുന്നി നൽകിയ പുത്തൻ ഉടുപ്പുമിട്ടാണ് അവൾ കഴിഞ്ഞദിവസം ക്ലാസിൽ എത്തിയത്.കൂട്ടുകാരെല്ലാം അവളുടെ ചുറ്റും കൂടി ഉടുപ്പിൽ മനോഹരമായ വിവിധ വർണങ്ങളിലുള്ള ചിത്രതുന്നലുകൾ കുട്ടികൾക്ക് ഇഷ്ടമായി. **എതൊക്കെ രീതിയിലുള്ള തുന്നലുകളാണ് കുട്ടികൾ കണ്ടെത്തിയതെന്ന് എഴുതുക?**

## വിഭാഗം 3 – ആരോഗ്യ കായിക വിദ്യാഭ്യാസം

**1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.**

1) ആക്ടിവിറ്റി പുസ്തകത്തിലെ ചന്തുവിന്റെ കഥ നിങ്ങൾക്കറിയാമല്ലോ
താഴെപറയുന്നവയിൽ ഏത് പ്രവർത്തനമാണ് ചന്തു ദിനചര്യയിൽ ഉൾപ്പെടുത്തുകയും തൻമൂലം കൂടുതൽ ഉൽസാഹവും ഉൻമേഷവും കൈവരിക്കുകയും ചെയ്തതായി പറയുന്നത്
**a)ചെസ്സ്, b)ടിവി കാണൽ, c)വ്യായാമം, d) പാട്ടു കേൾക്കൽ**

2.) താഴെകൊടുത്തിരിക്കുന്ന കളികളിൽ ഉയരം കൂടുതലുള്ളവർക്ക് മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ സാധിക്കുന്ന കളിയേത്
**a)ഹോക്കി, b)വോളിബോൾ, c)ഫുട്ബോൾ, d)ക്രിക്കറ്റ്**

3.) ക്ഷീണിക്കാതെ ദീർഘനേരം പ്രവൃത്തിക്കാനുള്ള പേശികളുടെ കഴിവിനെ പറയുന്ന പേര്
a)പേശീ ശക്തി, b)കരുത്ത്, c)പേശീക്ഷമത, d)വേഗത

4.) താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങളിൽ ആരോഗ്യദായകമായ പ്രവർത്തനം ഏത്?
a)വീഡിയോ ഗെയിം, b)കളികൾ, c)ടി വി കാണൽ, d) മൊബൈൽ ഗെയിം

ശരിയോ തെറ്റോ എന്നെഴുതുക

5. ദിവസേന വ്യായാമം ചെയ്യുന്നത് എപ്പോഴും ഉൻമേഷവാനായിരിക്കുന്നതിന് സഹായിക്കുന്നു. (ശരി/തെറ്റ്)
6. മെലിഞ്ഞ ശരീരപ്രകൃതമുള്ളവർക്ക് യോജിക്കുന്നത് ദീർഘനേരം നീണ്ടു നിൽക്കുന്ന കായിക പ്രവർത്തനങ്ങളാണ് (ശരി/തെറ്റ്)
7. ആരോഗ്യം മെച്ചപ്പെടുത്താൻ വ്യായാമം ആവശ്യമില്ല (ശരി/തെറ്റ്)

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

8. ഒരു ദിവസം അതിരാവിലെ യാത്ര പോകുമ്പോഴാണ് സ്കൂൾ മൈതാനത്ത് കുറെ ആൾക്കാർ ഓടുകയും നടക്കുകയും ചെയ്യുന്നത് അച്ചു കണ്ടത്. ഇവർ വ്യായാമം ചെയ്യുകയാണ് എന്ന് അച്ഛൻ അച്ചുവിന് പറഞ്ഞു കൊടുത്തു. താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങളിൽ വ്യായാമത്തിൽ ഉൾപ്പെടുത്താവുന്നവ തിരഞ്ഞെടുക്കുമല്ലോ?

   **a) സ്കിപ്പിങ്ങ്, b) നീന്തൽ, c) ഉറക്കം, d) മൊബൈൽ ഗെയിം, e) എയ്റോബിക്സ്, f) ജോഗിങ്ങ് g) നടത്തം**

9. ആക്ടിവിറ്റി പുസ്തകത്തിലെ ചന്തുവിന്റെ കഥ ഓർക്കുന്നില്ലേ ചന്തുവിന്റെ അനുഭവത്തിൽ **ചെറുപ്പകാലത്ത് വ്യായാമം ചെയ്യുന്നത് കൊണ്ടുള്ള നേട്ടങ്ങൾ ഏവ?**

10. ഒളിംപിക്സ് മൽസരങ്ങൾ ടിവിയിൽ കാണുകയായിരുന്നു മനു. ദീർഘദൂര ഇനമായ മാരത്തോൺ മൽസരത്തിനുശേഷം **ഷോട്ട്പുട്ട്** മൽസരമാണ് കാണിച്ചത് അതിൽ ഒന്നാം സ്ഥാനംകരസ്ഥമാക്കിയവരുടെ ശരീരപ്രകൃതി വിഭിന്നമായിരുന്നു. **മാരത്തോൺ** ജയിച്ചത് വളരെമെലിഞ്ഞ പ്രകൃതക്കാരനും ഷോട്ട് പുട്ട് മൽസരം ജയിച്ചത് വളരെ തടിച്ച ശരീരപ്രകൃതമുള്ള ആളുമായിരുന്നു. മനു കായികാധ്യാപിക പഠിപ്പിച്ചത് ഓർമ്മിച്ചു.പേശീക്ഷമത കൂടുതൽ ആവശ്യമുള്ള മൽസര ഇനങ്ങൾ മെലിഞ്ഞ ശരീരപ്രകൃതക്കാർക്കും, പേശീ ശക്തികൂടുതൽ ആവശ്യമുള്ള ഇനങ്ങൾ തടിച്ച പ്രകൃതക്കാർക്കും കൂടുതൽ ഇണങ്ങും.

    അങ്ങനെയെങ്കിൽ താഴെ കൊടുത്തിരിക്കുന്ന കായിക ഇനങ്ങൾ തരംതിരിച്ചെഴുതുക?

*a.* **പേശീ ശക്തി കൂടുതൽ ആവശ്യമുള്ള കായികയിനങ്ങൾ..........................................**

*b.* **പേശീക്ഷമത കൂടുതൽ ആവശ്യമുള്ള കായികയിനങ്ങൾ..........................................**

- ഫുട്ബോൾ
- വെയ്റ്റ് ലിഫ്റ്റിങ്ങ്
- നീന്തൽ
- റസ്‌ലിങ്
- പേശീശക്തി കൂടുതൽ ആവശ്യമുള്ള കായികയിനങ്ങൾ
- പേശീക്ഷമത കൂടുതൽ ആവശ്യമുള്ള കായികയിനങ്ങൾ

11. 2017 ജൂലൈ മാസത്തിൽ ഇന്ത്യയിൽ വച്ച് നടന്ന ഏഷ്യൻ അത്‌ലറ്റിക് മീറ്റിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയ രണ്ടു മലയാളി അത്‌ലറ്റുകളെ തിരഞ്ഞെടുത്തെഴുതുക.

- ജി.ലക്ഷ്മൺ
- പി.യു ചിത്ര
- സുധസിങ്ങ്
- മുഹമ്മദ് അനസ്

12 ാം മാത്തെ ചോദ്യം പട്ടികപ്പെടുത്താനുള്ളതാണ്.

12. വ്യായാമം ആരോഗ്യത്തിനാവശ്യമാണ് എന്ന് നിങ്ങൾക്കറിയാമല്ലോ? അങ്ങനെയെങ്കിൽ കുട്ടിക്കാലത്ത് വ്യായാമത്തിൽ ഏർപ്പെട്ടാൽ ഉണ്ടാവുന്ന വ്യത്യാസങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

- എപ്പോഴും ഉൻമേഷവാനായിരിക്കും
- വാർധക്യത്തിലെ പേശീക്ഷയം
- പേശീക്ഷമത കൈവരിക്കുന്നു
- അസ്ഥികളുടെ ബലക്ഷയം
- ഉറക്കക്കുറവ്
- നല്ല ഉറക്കം ലഭിക്കുന്നു.

പേശികളുടെയും, അസ്ഥികളുടെയും വളർച്ചയിലൂടെ കൂടുതൽ കരുത്തുനേടുന്നു.

| കുട്ടിക്കാലം മുതൽ വ്യായാമത്തിൽ ഏർപ്പെട്ടാൽ | കുട്ടിക്കാലം മുതൽ വ്യായാമത്തിൽ ഏർപ്പെട്ടില്ലെങ്കിൽ |
|---|---|
| ◆ ...................................... | ◆ ...................................... |
| ◆ ...................................... | ◆ ...................................... |
| ◆ ...................................... | ◆ ...................................... |
| ◆ ...................................... | ◆ ...................................... |

A

GI 7001

# പാദവാർഷിക മൂല്യനിർണയം 2016-17

## കല, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

സമയം: 2 മണിക്കൂർ

സ്റ്റാൻഡേർഡ് : 7

വിഭാഗം 1 -കലാവിദ്യാഭ്യാസം

ഉത്തരസൂചിക

### മേഖല - ചിത്രകല

1)
- മരത്തെ നടുന്നതും മറ്റ് അനുബന്ധ ഉപകരണങ്ങളും മോശമല്ലാത്ത രീതിയിൽ വരച്ചിട്ടുണ്ടെങ്കിൽ. 5
- ചില സൂചനകൾ പ്രകാരം വരയുടെ ആശയം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിൽ. 3
- വരയ്ക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ടെങ്കിൽ. 1

2)
- തിരിച്ചറിയുന്ന വിധത്തിലും വലുപ്പത്തിലും രണ്ടും വരച്ചിട്ടുണ്ടെങ്കിൽ 5
- ഒന്നു മാത്രം കൃത്യമായി വരച്ചിട്ടുണ്ടെങ്കിൽ. 3
- ശ്രമം നടത്തിയിട്ടുണ്ടെങ്കിൽ. 1

3)

എ)
- ഉച്ചയ്ക്ക് വെയിൽ വസ്തുവിൽ കുത്തനെ പതിക്കുന്നു. അപ്പോൾ നിഴൽ ചെറുതാവും.
- വൈകുന്നേരം വെയിൽ വസ്തുവിൽ ചെരിഞ്ഞു പതിക്കുന്നു. അപ്പോൾ നിഴൽ വലുതാവും 2

ബി)
- ചിത്രം ശരിയായി ചെയ്താൽ. 3
- വരയ്ക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ടെങ്കിൽ. 1

### മേഖല - സംഗീതം

1. (എ)
- ഒരേ താളത്തിൽ മൂന്നുഗാനങ്ങൾ എഴുതിയാൽ 3

  രണ്ട് ഗാനങ്ങളെഴുതിയാൽ 2

  ഒന്നെഴുതിയാൽ 1

കുറിപ്പ്:
- 123/ 123 തിശ്രനട 1234 ചതുരശ്രനട മിശ്രനട

  123,1234 ഈ നടകൾ പരിഗണിക്കാം

(ബി)
- സരിഗമപധനിസ 2
- ശ്രമത്തിന് 1

2. ചോദ്യത്തിൽ ചതുരശ്രം, തിശ്രം, മിശ്രം എന്നീ നടകളാണ് സൂചിപ്പിച്ചിരിക്കുന്നത് എന്ന് നിങ്ങൾക്കറിയാം